**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4603** **19-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാടുകൾ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; കേരളത്തിൽ എത്ര കണ്ടൽക്കാടുകൾ ഇപ്രകാരം റിസർവ് വനമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | പരിസ്ഥിതി സംരക്ഷണ പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ എന്നിവ 1961-ലെ കേരള വന നിയമത്തിലെ സെക്ഷൻ 3 പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിക്കാറുണ്ട്.<br><br>കേരള വനനിയമത്തിലെ സെക്ഷൻ 4 പ്രകാരം, സംരക്ഷിക്കേണ്ട പ്രദേശത്തെ നിർദ്ദിഷ്ട സംരക്ഷിത വനമായി വിജ്ഞാപനം ചെയ്യുന്നതോടുകൂടി റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമം ആരംഭിക്കുന്നു. തുടർന്ന്, പ്രസ്തുത നിയമത്തിലെ സെക്ഷൻ 6 മുതലുള്ള വിവിധ ഘട്ടങ്ങൾക്ക് ശേഷം സെക്ഷൻ 19 പ്രകാരം, നിർദ്ദിഷ്ട സംരക്ഷിത വനപ്രദേശം റിസർവ്വ് വനമായി അന്തിമ വിജ്ഞാപനം ചെയ്യുന്നു.<br><br>കേരളത്തിൽ 3 കണ്ടൽക്കാടുകൾ ഇപ്രകാരം റിസർവ്വ് വനമാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. കാസർഗോഡ് - 54.695 ഹെക്ടർ<br><br>2. കണ്ണൂർ - 226 ഹെക്ടർ<br><br>3. തൃശ്ശൂർ (ഒരുമനയൂർ) – 3.3853 ഹെക്ടർ |
| (ബി) | വനനിയമപ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ള കണ്ടൽക്കാടുകളുടെ വിസ്തീർണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ? | (ബി) | വനനിയമപ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ള കണ്ടൽക്കാടുകൾ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>1. എറണാകുളം(പുതുവൈപ്പ്) – 65.83 ഹെക്ടർ<br><br>2. തൃശ്ശൂർ (വെൺമനാട്) – 94.77 ഹെക്ടർ<br><br>3. കോഴിക്കോട് ( ചെറുവണ്ണൂർ, കടലുണ്ടി, വള്ളിക്കുന്ന്, ഇരിങ്ങൽ)- 36.437 ഹെക്ടർ<br><br>4. കണ്ണൂർ (എരഞ്ഞോളി) - 2.0630 ഹെക്ടർ |

സെക്ഷൻ ഓഫീസർ